# കേരള സ്കൂൾ ടീച്ചേഴ്സ് അസോസിയേഷൻ
# KSTA

സംസ്ഥാനകമ്മിറ്റി, തൈക്കാട് – തിരുവനന്തപുരം 695014.

Ph: 0471-2324997,2327630 Fax: 0471-2324997. Web: www.kstakerala.in, E mail - ksta.state@gmail.com

പ്രസിദ്ധീകരണത്തിന് ;
തിരുവനന്തപുരം, 20-04-2013

## അധ്യാപകരുടെ പുതുക്കിയ ശമ്പളസ്കെയിലുകൾക്കും മുൻകാല പ്രാബല്യം നൽകണം

**കെ.എസ്.ടി.എ**

മറ്റുമേഖലകളിൽ ശമ്പളസ്കെയിലുകൾ ഉയർത്തിയപ്പോൾ നൽകിയ മുൻകാല പ്രാബല്യം അധ്യാപകർക്കും അനുവദിക്കണമെന്ന് കെ.എസ്.ടി.എ സംസ്ഥാനകമ്മിറ്റി ആവശ്യപ്പെട്ടു.

തുടക്കക്കാരുടെ സ്കെയിലുകൾ ഉയർത്തണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് കെ.എസ്.ടി.എ നടത്തിയ നിരന്തരമായ പ്രക്ഷോഭത്തിന്റെ ഫലമായിട്ടാണ് വർദ്ധനവ് ഉണ്ടായത്. അനോമലികമ്മിറ്റിയെ യു.ഡി.എഫ് സർക്കാർ പിരിച്ചുവിട്ടതിന്റെ ഫലമായി സ്കെയിലുകൾ ഉയർത്തുമ്പോഴുണ്ടാകുന്ന പ്രശ്നങ്ങളെക്കുറിച്ച് പരിശോധന നടത്താൻ കഴിയാതെവന്നു. തുടക്കത്തിലുള്ള ശമ്പളസ്കെയിലുകൾ സമാനസ്കെയിലുകൾക്ക് അനുസൃതമായി ഉയർത്തികൊണ്ടുള്ള സർക്കാർ ഉത്തരവ് നിലവിലുള്ളവരുടെ ആനുകൂല്യങ്ങൾ പലതും നഷ്ടപ്പെടുന്ന സാഹചര്യം ഇതുമൂലം ഉണ്ടായി.

ഹയർസെക്കന്ററി അധ്യാപകരുടെ സെലക്ഷൻ ഗ്രേഡും പ്രിൻസിപ്പൽ സ്കെയിലും ഒന്നാക്കിമാറ്റി. ഹയർഗ്രേഡ് വാങ്ങിയ ഹൈസ്കൂൾ അധ്യാപകരുടെ സ്കെയിലും പ്രമോഷൻ തസ്തികയായ ഡി.ഇ.ഒ മാരുടെ സ്കെയിലും ഒന്നാക്കി. അതിന്റെ ഫലമായി പ്രമോഷൻ കിട്ടുമ്പോഴുള്ള ഫിക്സേഷൻ ആനുകൂല്യം നഷ്ടപ്പെടും. സെലക്ഷൻ ഗ്രേഡ് വാങ്ങാതെ പ്രിൻസിപ്പാൾ ആയവർക്ക് നോഷണൽ ഫിക്സേഷൻ അനുവദിച്ചിരുന്നു. സ്കെയിലുകൾ ഒന്നായതിനാൽ ആനുകൂല്യം തിരിച്ചടയ്ക്കേണ്ടി വന്നിരിക്കുകയാണ്. 2009 നുശേഷം സർവ്വീസിൽ കയറിയവർക്ക് മാത്രമാണ് സ്കെയിലുകൾ ഉയർത്തലിന്റെ ഫലമായി ആനുകൂല്യം കിട്ടിയിട്ടുള്ളത്.

ജൂനിയർ-സീനിയർ സ്കെയിലുകൾ തമ്മിലുള്ള അന്തരം വീണ്ടും വർദ്ധിച്ചിരിക്കുന്നു. ഹൈസ്കൂൾ ഹെഡ്മാസ്റ്ററായി പോകുകയും പ്രിൻസിപ്പാൾമാരായി പ്രമോഷൻ കിട്ടി തിരികെ വന്നവർക്ക് നാല് ഇൻക്രിമെന്റിന്റെ ആനുകൂല്യമാണ് നഷ്ടപ്പെട്ടിരിക്കുന്നത്. അനോമലികമ്മിറ്റി നിലവിലുണ്ടായിരുന്നെങ്കിൽ ഇത്തരം പ്രശ്നങ്ങൾ ഉണ്ടാകില്ലായിരുന്നു. സ്കെയിലുകൾ തമ്മിലുള്ള ബന്ധവും പ്രമോഷൻ ആനുകൂല്യങ്ങളും പരിശോധിക്കാതെ നടത്തിയ പരിഷ്കരണം അധ്യാപകർക്ക് നഷ്ടം വരുത്തിവച്ചിരിക്കുകയാണ്.

ഹയർസെക്കന്ററി അധ്യാപകരുടെയും ഹൈസ്കൂൾ അധ്യാപകരുടെയും നിലവിലുണ്ടായിരുന്ന സ്കെയിലുകളുടെ എണ്ണം വെട്ടിക്കുറച്ചിരിക്കുകയാണ്. മറ്റുമേഖലകളിൽ അനുവദിച്ചതുപോലെ ഉയർത്തിയ സ്കെയിലുകൾക്ക് മുൻകാല പ്രാബല്യം നൽകിയിട്ടുമില്ല. തുടക്കക്കാരുടെ ശമ്പളസ്കെയിൽ മാത്രം ഉയർത്തുകയും സർവ്വീസിലുള്ളവരുടെ സ്കെയിലുകളുടെ എണ്ണം കുറയ്ക്കുകയും ആനുകൂല്യങ്ങൾ നഷ്ടപ്പെടുത്തുകയും ചെയ്തതിലൂടെ അധ്യാപകരെ കബളിപ്പിച്ചിരിക്കുകയാണ്. പുതിയ അനോമലികൾക്ക് വഴിതുറന്ന സർക്കാർ ഉത്തരവിലെ അപാകതകൾ പരിഹരിക്കാൻ അടിയന്തിര നടപടി സ്വീകരിക്കണമെന്ന് ജനറൽസെക്രട്ടറി എം.ഷാജഹാൻ സർക്കാരിനോട് ആവശ്യപ്പെട്ടു.

**എം. ഷാജഹാൻ**
ജനറൽ സെക്രട്ടറി